പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3357 18.2.2013-ൽ മറുപടിക്ക്

## മാലിന്യ പ്രശ്നം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം കമ്പനി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജനകാര്യത്തിൽ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാതിരുന്നതുമൂലം ഏതൊക്കെ നഗരസഭകളിലാണ് സർക്കാരിന് നേരിട്ടിടപെടേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിലെ ചുരുക്കം ചില നഗരസഭകളൊഴികെ എല്ലാ നഗരസഭകളിലും വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കാതെയാണ് ഖരമാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുള്ള മാലിന്യ പ്രശ്നങ്ങൾ വർഷങ്ങളായി മാലിന്യം വേണ്ട വിധം സംസ്ക്കരിക്കപ്പെടാതെ വന്നതിലൂടെ ഉണ്ടായതാണ്. അതു പരിഹരിക്കണമെങ്കിൽ കൂട്ടായ ശ്രമങ്ങളിലൂടെ സമയബന്ധിതമായി മാത്രമേ കഴിയുകയുള്ളൂ. അതിനുള്ള തീവ്രമായ ശ്രമമാണ് നടത്തി വരുന്നത്. ഉറവിട മാലിന്യ സംസ്കരണം തുടങ്ങി ആധുനിക പ്ലാന്റുകളുടെ സ്ഥാപനം വരെ അതിനുള്ള ശ്രമങ്ങളാണ്. എന്നാൽ എല്ലാ ശ്രമങ്ങൾക്കും ആക്കം കുറയുന്നത് മാലിന്യ പ്ലാന്റുകൾക്ക് എതിരെയുള്ള ജനങ്ങളുടെ എതിർപ്പാണ്. ബോധവൽക്കരണത്തിലൂടെ ഒരു മാറ്റമുണ്ടാക്കാനാണ് തീവ്രമായ ശ്രമം. തിരുവനന്തപുരം നഗരസഭാപ്രദേശങ്ങളിലെ മാലിന്യങ്ങൾ സംസ്കരിച്ചു കൊണ്ടിരുന്ന വിളപ്പിൽശാലയിലെ മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനരഹിതമായതു മൂലം പ്രസ്തുത നഗരസഭയിലെ മാലിന്യനിർമ്മാർജ്ജനകാര്യത്തിൽ സർക്കാർ നേരിട്ടിടപെടേണ്ടി വന്നിട്ടുണ്ട്. |

| | |
|---|---|
| ബി) മാലിന്യ നിർമ്മാർജ്ജന ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം പദ്ധതിയിൽപെടുത്തി എത്ര തുക വീതം നഗരസഭകൾക്ക് നടപ്പുവർഷവും മുൻവർഷവും നൽകിയിട്ടുണ്ടെന്നതിന്റെ വിശദ വിവരം നൽകുമോ; | ബി) നിലവിലുള്ള പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 100% സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്ത് നിന്നും ലഭ്യമാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ ഇതിനായി 2219.67 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 630 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത തുക കാര്യക്ഷമമായി വിനിയോഗിക്കാതിരുന്ന നഗരസഭകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | സി) മാലിന്യ സംസ്കരണ പദ്ധതിയുടെ സാങ്കേതിക അനുമതിയും സർക്കാർ മാനദണ്ഡം അനുസരിച്ചുള്ള സാമ്പത്തിക സഹായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകുകയാണ് സർക്കാർ ചെയ്യുന്നത്. അവ നടപ്പിലാക്കുന്നതിലേക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും നിർവ്വഹണം നടത്തലും തുടങ്ങിയുള്ള പ്രവർത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിൽപെടുന്നതാണ്. ഇതുവരെ സാമ്പത്തിക സഹായം നൽകിയതും പദ്ധതി നടപ്പിലാക്കിയിട്ടുള്ളതുമായവ പരിശോധിക്കാനും അവയുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കാനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റിനെ ഏൽപിച്ചതിന്റെയടിസ്ഥാനത്തിൽ അവർ പഠനം തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ